**അഹമ്മദാബാദ് ജില്ലയിലെ രാജാ മഹേന്ദ്ര പ്രതാപിനെ കണ്ടാൽ ആളുകൾ വിസ്മയിക്കും. രണ്ടു കൈകളും കാലുകളുമില്ലാത്ത ഒരു കുറിയ രൂപം. എന്നാൽ ഒരു സാധാരണ മനുഷ്യന് നേടിയെടുക്കാനാകാത്ത ജീവിത നേട്ടങ്ങൾ ഇയാൾ കൈയ്യടക്കിയിരിക്കുന്നു. അത്ഭുതകരമായ ഈ ജീവിതകഥ കേൾക്കൂ**

# ആത്മവിശ്വാസത്തിന്റെ ആൾരൂപം

വീടിനടുത്തുള്ള ഗ്രൗണ്ടിൽ കുട്ടികൾ കളിച്ചു തിമിർക്കുന്നതും നോക്കി രാജാ കിടന്നു. അവന്റെ മുറിയിലെ ജനാലയിലൂടെ നോക്കിയാൽ എല്ലാം കാണാം. അതാണ് അവന്റെ ഏക ആശ്വാസം. ഒന്ന് പുറത്തിറങ്ങാൻ പറ്റിയിരുന്നെങ്കിൽ. രാജ എന്നത്തേയും പോലെ ആഗ്രഹിച്ചു കിടന്നു..

അവൻ രാജാ മഹേന്ദ്ര പ്രതാപ്. കൂട്ടുകാരുടെ സ്വന്തം പ്രതാപ്. മറ്റു കുട്ടികളെപ്പോലെ രാജയ്ക്ക് കൈകളും കാലുകളും ഇല്ല. ആ മുറിയാണ് അവന്റെ ലോകം. മകനെ ഈ അവസ്ഥയിൽ ആരും കാണേണ്ടെന്നു കരുതി അവന്റെ അച്ഛൻ അവനെ എല്ലാവരിൽ നിന്നും മറച്ചു വെച്ചു. പുറംലോകം കാണാതെ അനേക വർഷങ്ങൾ.

ആന്ധ്രാപ്രദേശിലെ ഹൈദരാബാദിനടുത്തുള്ള പച്ചപ്പു നിറഞ്ഞ കൊച്ചുഗ്രാമത്തിലെ സാധാരണ കുടുംബത്തിലാണ് രാജാ മഹേന്ദ്ര പ്രതാപ് ജനിച്ചുവളർന്നത്.

അഞ്ച് വയസ്സ് വരെ ഒരു സാധാരണ കുട്ടിയായിരുന്നു രാജാ പ്രതാപ്. അന്ന് നടന്ന ഒരു കുസൃതി, അത് തന്നെ ഈ അവസ്ഥയിലേക്കെത്തിക്കുമെന്ന് രാജ വിചാരിച്ചതേയില്ല.. പൊടുന്നനെയാണ് അത് സംഭവിച്ചത്. ഒരുനാൾ തന്റെ വീടിനു സമീപത്തുള്ള വിശാലമായ

മൈതാനത്തു കളിച്ചുല്ലസിക്കുകയായിരുന്നു രാജയും കൂട്ടുകാരും.

പതിവു പോലെ പല വാഗ്വാദങ്ങളും തർക്കങ്ങളും അന്നും നടന്നു. വാശിയിൽ ഒട്ടും പിന്നിലല്ലാത്ത പ്രതാപ് എല്ലാറ്റിനും ഉത്സാഹിയായിരുന്നു. പലപ്പോഴും അവൻ പലതും വീറോടെ ഏറ്റെടുത്തിട്ടുണ്ട്. പലതും വിജയത്തിലെത്തിയിട്ടുമുണ്ട്.

കളിക്കിടയിലാണ് വൈദ്യുതിയുള്ള ഇരുമ്പുകമ്പി കൂട്ടുകാരിലൊരുവൻ കണ്ടത്. അതിൽ തൊടാമോയെന്ന് കൂട്ടുകാർ കൊച്ചു രാജയെ വെല്ലുവിളിച്ചു. തൊടാമെന്നു രാജയും. വീറും വാശിയും കൊണ്ടുനടക്കുന്ന പ്രതാപ് ചില വെല്ലുവിളികൾ ഉടൻ ഏറ്റെടുക്കും.

അവർ ഉടൻ തയ്യാറായി. ഉയർന്ന വോൾട്ടേജോടെ വൈദ്യുതി പ്രവഹിക്കുന്ന കമ്പി തൊടാൻ. വൈദ്യുതി പ്രവഹിക്കുന്ന കമ്പിയിൽ കയ



*രാജാ മഹേന്ദ്ര പ്രതാപ്*



റിപ്പിടിച്ചപ്പോൾ സംഭവിച്ചതാകട്ടെ മറ്റൊന്നായിരുന്നു. ശരീരം മുഴുക്കെ വൈദ്യുതാഘാതമേറ്റ് രാജ ദൂരേയ്ക്ക് തെറിച്ചു വീണു.

കണ്ടു നിന്ന കൂട്ടുകാരെല്ലാം ഒരുവേള നിശ്ചലരായിപ്പോയി. കൂട്ടുകാർ ഒച്ചവെച്ചു. ആർത്തുകരഞ്ഞു. പരിസരത്തുള്ള മുതിർന്നവർ ഓടിയെത്തി. ഉടൻ പ്രതാപിനെ ആശുപത്രിയിലെത്തിച്ചു.

മരിച്ചു പോയെന്നാണ് ആദ്യം കരുതിയത്. പക്ഷെ, ഡോക്ടർമാരുടെ ജാഗ്രതയോടെയുള്ള ഇടപെടലും ചികിത്സയും പ്രതാപിന് കുറേശ്ശെ ആശ്വാസം നൽകി.

അനേക ദിവസത്തെ ആശുപത്രി വാസത്തിനൊടുവിൽ മരണത്തിൽ നിന്ന് അവൻ രക്ഷപ്പെട്ടു. പക്ഷെ, വിധി മറ്റൊന്നായിരുന്നു. രക്ഷപ്പെട്ടെങ്കിലും കുഞ്ഞു പ്രതാപിന്റെ ഇരുകാലുകളും കൈകളും അറ്റുപോയി.

കൈകാലുകൾ അറ്റുവെങ്കിലും ജീവിതം തിരിച്ചുകിട്ടിയല്ലോ എന്നായിരുന്നു ഏവരുടെയും ആശ്വാസം. അവൻ വീട്ടിലെത്തി. ചികിത്സ തുടർന്നു. ഒരു മുറിക്കകത്ത് മരുന്നുകളും ഭക്ഷണവുമായി അവൻ തളച്ചിടപ്പെട്ടു. മാതാപിതാക്കൾക്ക് പോലും പതിയെ പതിയെ അവനൊരു ഭാരമാവുന്നത് പോലെയാണ് പ്രതാപിന് തോന്നിയത്.

കാരണം മുറിവുകൾ ഉണങ്ങി, പുറം ലോകം കാണിക്കാമായിരുന്ന സാഹചര്യമുണ്ടായിട്ടും അവരത് ചെയ്തില്ലെന്ന് അവൻ പരിഭവപ്പെട്ടു.

പരിഭവങ്ങൾ വർഷങ്ങൾ നീണ്ടു പോയി. പതിനാറ് വയസ്സു വരെ വീട്ടിനകത്തെ നാലു ചുവരുകൾക്കുള്ളിലായി അവന്റെ ജീവിതം തളച്ചിടപ്പെട്ടു.

അവന്റെ മൂന്നു സഹോദരിമാരും സ്കൂളിൽ പോകുന്നത് നിരാശയോടെ നോക്കി കിടക്കാനായിരുന്നു അ

വന്റെ വിധി.

അച്ഛൻ അവനെ കാണുന്നതിൽ നിന്നും മറ്റുള്ളവരെ വിലക്കുക പോലും ചെയ്തു.

ചികിത്സയ്ക്കായി വല്ലപ്പോഴും വീട്ടിലെത്തുന്ന ഡോക്ടറെ മാത്രമേ അവനെ കാണാൻ അനുവദിച്ചുള്ളൂ.

സ്കൂൾ വിട്ട് സഹോദരിമാർ വരുന്നത് വരെ അവൻ തനിച്ചു കിടക്കും. ഏകാന്തതയുടെ ലോകത്ത് ഏറെ നാളുകൾ തള്ളിനീക്കി. പിന്നീട് സഹോദരിമാർ അവരുടെ പുസ്തകങ്ങൾ അവന് വായിച്ചു കേൾപ്പിക്കും. ഈ ഒരു കേൾവി അവനിൽ ആശ്ചര്യങ്ങൾ ജനിപ്പിച്ചു. എന്തൊക്കെയോ അറിയണമെന്ന അതിയായ ആഗ്രഹം ജനിച്ചു.

പതിയെ പഠിക്കണമെന്ന ആഗ്രഹം അവനിൽ ശക്തമായി. വായിച്ചു കേൾക്കുന്ന ലോകം അവനെ വല്ലാതെ ഉത്സാഹിയാക്കി. കൂടുതൽ കൂടുതൽ അറിവിനായി അവൻ പുസ്തകങ്ങൾ ചോദിച്ചു തുടങ്ങി.

പതിയെപതിയെ മനോബലം നേടിയെടുത്തു. പിന്നീട് പ്രതാപ് മുട്ടുകാലിൽ നടക്കാൻ പഠിച്ചു. ഒപ്പം വായും കൈമുട്ടും ഉപയോഗിച്ച് എഴുതാനും. എഴുത്ത് പഠിച്ചതോടെ തനിക്ക് പലതും സാധ്യമാണെന്ന് തിരിച്ചറിയുകയായിരുന്നു പ്രതാപ്.

ഘട്ടം ഘട്ടമായി പഠനം തുടർന്നു. എന്തിനധികം കണങ്കാൽ ഉപയോഗിച്ച് കമ്പ്യൂട്ടർ ഉപയോഗിക്കാൻ വരെ അവൻ പരിശീലിച്ചു. ആദ്യമൊക്കെ ഭയങ്കരമായ വേദനയായിരുന്നു, ഇതിനു ശ്രമിക്കുമ്പോഴെല്ലാം. എങ്കിലും അറിവ് നേടണമെന്ന ഇച്ഛാശക്തി പ്രതാപിനെ എളുപ്പത്തിൽ ലക്ഷ്യത്തിലെത്തിച്ചു.

പത്താം തരവും പ്ലസ്ടുവും അവൻ വീട്ടിലിരുന്ന് തന്നെ പൂർത്തിയാക്കിയത് എല്ലാവരേ



യും അത്ഭുതപ്പെടുത്തി. പ്ലസ്ടു പഠനത്തിന് ശേഷം ബി.കോമും പൂർത്തിയാക്കാൻ രാജാ മഹേന്ദ്ര പ്രതാപിന് ഏറെ പ്രയാസപ്പേടേണ്ടി വന്നില്ല.

ഹൈദരാബാദ് ഉസ്മാനിയ യൂണി വേഴ്സിറ്റിയിൽ നിന്ന് എം.ബി.എ കൂ ടി പൂർത്തിയാക്കി തനിക്ക് പലതും സാധ്യമാവുമെന്ന് തെളിയിക്കുകയാ യിരുന്നു പ്രതാപ്.

തനിക്കു മറ്റൊരു ലോകമുണ്ടെ ന്ന് വിളിച്ചു പറയാനായതിന്റെ ആഹ്ലാദത്തിലായിരുന്നു അവൻ. ആദ്യമായി വീട്ടിൽ നിന്ന് പുറത്തി റങ്ങിയപ്പോൾ രാജയുടെ സന്തോ ഷത്തിനതിരില്ലായിരുന്നു. എന്നാൽ



പരുക്കനായ റോഡ് അവന്റെ കാൽ മുട്ട് കൊണ്ടുള്ള നടത്തത്തിന് തട സമായി..എങ്കിലും അവൻ ശ്രമം ഉപേക്ഷിച്ചില്ല.

അവന് പാകമായ ചെരുപ്പ് നിർമ്മിച്ചു നൽകാൻ ആദ്യമൊന്നും ആരും തയ്യാറായില്ല. അതിനും അവൻ പോംവഴി കണ്ടെത്തി. ഒടുവിൽ അവൻ തന്നെ ചെരുപ്പ് രൂപകൽപ്പന ചെയ്തു. അതോടെ ചെരുപ്പ് നിർമ്മാണത്തിലേർപ്പെട്ട ഒരാൾ അവന് ചെരുപ്പ് ഉണ്ടാക്കി നൽകി.

കടമ്പകൾ പല രൂപത്തിലും ഭാവത്തിലും പ്രതാപിനെ പിന്തുടർന്നു കൊണ്ടേയിരുന്നു. പക്ഷെ, ഒരിക്കലും തോറ്റു പിൻമാറാൻ അവൻ തയ്യാറായില്ല.

പഠിച്ചിറങ്ങിയ പ്രതാപിന് പക്ഷേ, ജോലി നൽകാൻ ആരും തയ്യാറായില്ല. കൈകാലുകളില്ലാതെ ഒരാൾക്ക് എങ്ങനെ ജോലി ചെയ്യാനാകുമെന്ന് പൊതുസമൂഹം ശങ്കിച്ചു. പല വാതിലുകളും മുട്ടി. പക്ഷെ, എല്ലാവരും അവനെ വേണ്ടെന്നു വെച്ചു.

ജോലിക്കായി നിരന്തരം ശ്രമിക്കുമ്പോഴും യാതൊരു നിരാശയുമില്ലാതെ താൻ അത് നേടുമെന്ന ഉറച്ച വിശ്വാസം പ്രതാപിന് കൂട്ടിനുണ്ടായിരുന്നു. ഏറെ നാളത്തെ അലച്ചിലിനു ശേഷം ഡൽഹി നാഷണൽ ഹൗസിങ്ങ് ബാങ്ക് അദ്ദേഹത്തെ അസിസ്റ്റന്റ് മാനേജറായി നിയമിച്ചു.

രാജയ്ക്ക് ഇന്ന് 29 വയസ്സ്. ഗുജറാത്തിലെ അഹമ്മദാബാദ് ജില്ലയിൽ ഒ.എൻ.ജി.സി കമ്പനിയിലെ ഫിനാൻസ് ആന്റ് അക്കൗണ്ടന്റാണ് അദ്ദേഹം ഇപ്പോൾ.

രാജയെ കാണുമ്പോഴെല്ലാം ജനം അത്ഭുതം കൂറും. കൈകാലുകൾ ഇല്ലെങ്കിലും ആരെയും ആശ്രയിക്കാതെ ആ യുവാവ് ഉത്സാഹത്തോടെ സ്വന്തം ജോലികൾ ചെയ്യുന്നു. മുടിചീകാനും വീട് പൂട്ടാനും ഓഫീസിലേക്ക് നടക്കാനും യാതൊരു പ്രയാസവുമില്ല.

താൻ പോകേണ്ടുന്ന ഏതെങ്കിലും കെട്ടിടത്തിന്റെ ലിഫ്റ്റ് പണിമുടക്കിയാൽ രാജയ്ക്ക് അതൊന്നും വിഷയമല്ല. ക്ഷീണമില്ലാതെ എത്ര പടികൾ നടന്നു കയറാനും, റോഡ് മുറിച്ചുകടക്കാനും തിരക്കേറിയ വഴിയിലൂടെ നടക്കാനും അദ്ദേഹത്തിന് യാതൊരു പ്രയാസവുമില്ല..

വിടർന്ന കണ്ണുകളുമായി വശ്യമായ പുഞ്ചിരിയോടെ രാജാ മഹേന്ദ്ര പ്രതാപ് നാമോരോരുത്തരോടും പറയുന്നത്, വികലാംഗരെ വില കുറഞ്ഞവരായി കണ്ട് അകറ്റി നിർത്തരുതെന്നാണ്. അവർക്കും അവരുടേതായ കഴിവുകളുണ്ട്. ആത്മവിശ്വാസം ഉണ്ടെങ്കിൽ ഏത് ഉയരവും കീഴടക്കാമെന്നാണ്.

കൂട്ടുകാരെ, നമുക്ക് ദൈവം എല്ലാ അനുഗ്രഹങ്ങളും നൽകിയിരിക്കുന്നു. നമ്മിൽ ഭൂരിപക്ഷം പേർക്കും കൈകാലുകൾക്ക് യാതൊരു വൈകല്യവുമില്ല. മറ്റു അവയവങ്ങൾക്ക് പ്രശ്നങ്ങളില്ല.

നടക്കാനും ഓടാനും കളിക്കാനും എത്ര അനായാസം കഴിയുന്നു. എന്നിട്ടും നാം മടിയന്മാരാവുന്നു. കഠിനാധ്വാനവും ഉറച്ച മനസ്സുമുണ്ടെങ്കിൽ ഉയരങ്ങളിലെത്താമെന്നതിന് പ്രതാപ് ജീവിക്കുന്ന ഉദാഹരണമല്ലേ..?

**• സ്നേമ്യ മാഹിൻ ഷെമീർ**